**കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമം, തിരുവനന്തപുരം.**

(ഹാജർ : ശ്രീ. എ. അജയകുമാർ)

വിഷയം:- ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) വകുപ്പിന്റെ 13/3/15-ലെ ഇൻഷ/എസ്റ്റാ/ഇ 6/13199/14 പ്രകാരമുള്ള ഉത്തരവ്.

2) സർക്കാർ സർക്കുലർ നം. 8130/ഉപസി.3/2010 ഉ.ഭ.പ.വ. തീയതി 24/2/2012

3) ജി.ഒ.(പി) നം. 5/2015/ഉ.ഭ.പ.വ. തീയതി 29/01/2015.

4) ചട്ടം 13(A) (1) (a), 13A (2) K.S & S.S.R ഭാഗം II.

5) 12/2/15-ലെ D.I.O, കോട്ടയം/Esst/K1/212/14 എന്ന കോട്ടയം DIO-യുടെ കത്ത്.

6) ശ്രീ. സന്തോഷ്. ഇ.കെ, ക്ലാർക്കിന്റെ 3/2/2015-ലെ അപേക്ഷ.

------------------------

വകുപ്പിലെ സീനിയർ മോസ്റ്റ് സീനിയർ ക്ലാർക്കായ ശ്രീ. രാജ്ദേവ്. ഡി. എച്ചിന് സൂചന (1) പ്രകാരം ജൂനിയർ സൂപ്രണ്ടായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുണ്ട്. ആയതുമൂലം വകുപ്പിൽ ഒരു സീനിയർ ക്ലാർക്കിന്റെ ഒഴിവുണ്ടായിട്ടുണ്ട് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സീനിയർ മോസ്റ്റ് ക്ലാർക്കായ കോട്ടയം ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ ജോലി ചെയ്യുന്ന ശ്രീ. സന്താഷ്. ഇ.കെ-യ്ക്കാണ് സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിക്കേണ്ടത്. എന്നാൽ ശ്രീ. സന്തോഷ്. ഇ.കെ ഉദ്യോഗക്കയറ്റത്തിനുള്ള യോഗ്യതയായ അക്കൗണ്ട് ടെസ്റ്റ് ലോവർ പരീക്ഷ വിജയിച്ചിട്ടില്ല ടിയാൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളാണ്. ടിയാന്റെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട് സൂചനകൾ രണ്ടു മുതൽ നാലു വരയുള്ള ഉത്തരവുകൾ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാർ 1/1/86-നോ അതിനു ശേഷമോ സർവ്വീസിൽ പ്രവേശിച്ച പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയ, എന്നാൽ പ്രമോഷൻ ടെസ്റ്റ് യോഗ്യത നേടാത്ത ജീവനക്കാർക്ക് K.S & S.S.R ഭാഗം II-ലെ ചട്ടം 13(A) (1) (a) പ്രകാരവും 13A(2) എന്ന ചട്ടത്തിലെ നിബന്ധനകൾക്ക് വിധേയമായി പ്രമോഷൻ ടെസ്റ്റ് യോഗ്യത യഥാസമയം നേടിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന തീയതി മുതൽ മൂന്ന് വർഷത്തേക്ക് താൽക്കാലിക ഇളവിന് അർഹതയുണ്ട് എന്ന കാര്യം സ്പഷ്ടമാക്കുന്നു. ആയതിനാൽ ശ്രീ. സന്തോഷ്. ഇ. കെ-യ്ക്ക് 13/3/2015 മുതൽ മൂന്ന് വർഷത്തേക്ക് താൽക്കാലികമായി സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം നൽകാവുന്നതാണ്

**ഉത്തരവ് നം.ഇൻഷ/എസ്റ്റാ/ഇ 6/13199/14 തീയതി: 16/04/2015.**

ഈ സാഹചര്യത്തിൽ കോട്ടയം ജില്ലാ ഇൻഷ്വറൻസ് ഓഫീസിലെ ക്ലാർക്കായ ശ്രീ സന്തോഷ്. ഇ. കെ-യ്ക്ക് സീനിയർ ക്ലാർക്കായി മൂന്ന് കൊല്ലത്തേക്ക് താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകുന്നു. ടി കാലയളവിനുള്ളിൽ ടിയാൻ പ്രമോഷൻ ടെസ്റ്റ് യോഗ്യതയായ അക്കൗണ്ട് ടെസ്റ്റ് ലോവർ പാസാകാത്ത പക്ഷം ക്ലാർക്കായി തരം താഴ്ത്തുന്നതാണ്.

ഒപ്പ്/-

ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ. സന്താഷ്. ഇ. കെ, ക്ലാർക്ക്,
ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, കോട്ടയം.

പകർപ്പ്-

1. ഡെപ്യൂട്ടി ഡയറക്ടർ, I, II & III.
2. അസിസ്റ്റന്റ് ഡയറക്ടർ, I & II.
3. ജില്ലാ ഇൻഷ്വറൻസ് ആഫീസർ, കോട്ടയം.
4. ജില്ലാ ട്രഷറി ഓഫീസർ, കോട്ടയം.
5. എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം സീറ്റുകൾ.
6. അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ഐ.ഡി.
7. ഐ.റ്റി. വിംഗ്.
8. ഓഫീസ് പകർപ്പ്.

അംഗീകാരത്തോടെ,

സെക്ഷൻ സൂപ്രണ്ട്.

പി.എസ്(7) 17.4.15